# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/235/2018 2018 നവംബർ 3

## എം.ജി. വാർത്താക്കുറിപ്പ്

---

**പരീക്ഷാ തീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്)/ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്)/ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷകൾ നവംബർ 23ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ ഏഴ് വരെയും 500 രൂപ പിഴയോടെ എട്ട് വരെയും 1000 രൂപ സൂപ്പർഫൈനോടെ ഒൻപതു വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടയ്ക്കണം.

**ഡോക്ടറൽ കമ്മിറ്റി**

ഈ വർഷം ഗണിതശാസ്ത്രം, സസ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ ഗവേഷണ രജിസ്ട്രേഷനുവേണ്ടി അപേക്ഷ സമർപ്പിച്ച വിദ്യാർഥികളുടെ ഡോക്ടറൽ കമ്മിറ്റി നവംബർ ഒൻപത്, 12 തീയതികളിൽ സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെയും സ്കൂൾ ഓഫ് ബയോസയൻസസിലെയും സെമിനാർ ഹാളിൽ നടക്കും.

**പരീക്ഷാഫലം**

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (എൽ.ഡി. ആന്റ് ഐ.ഡി. - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 16 വരെ അപേക്ഷിക്കാം.

2018 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (എൽ.ഡി. ആന്റ് ഐ.ഡി. - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 16 വരെ അപേക്ഷിക്കാം.

2018 മാർച്ചിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 17 വരെ അപേക്ഷിക്കാം.

**സെനറ്റ് യോഗം ഡിസംബർ 15ന്**

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിന്റെ യോഗം ഡിസംബർ 15ന് രാവിലെ 10ന് സർവകലാശാല ഭരണവിഭാഗത്തിലെ സെനറ്റ് ഹാളിൽ നടക്കും. യോഗത്തിൽ പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും താല്പര്യമുള്ള അംഗങ്ങൾ അവ പ്രത്യേകം തയ്യാറാക്കണം. ചോദ്യങ്ങൾ നവംബർ 15നും പ്രമേയം 17നും മുമ്പായി രജിസ്ട്രാറുടെ പക്കൽ എത്തിക്കണം.

**'ദിശ 2018' മെഗാ തൊഴിൽമേള;**

**പങ്കെടുത്തത് 4372 പേർ**

**– തെരഞ്ഞെടുത്തത് 345 പേരെ**

**– ജോലിക്കായി 1529 പേരുടെ ചുരുക്കപ്പട്ടിക**

**– ഒഴിവുകൾ 2784; 47 തൊഴിൽദായകർ പങ്കെടുത്തു**

മഹാത്മാ ഗാന്ധി സർവകലാശാല പ്ലെയ്സ്മെന്റ് സെല്ലും ജില്ലാ എംപ്ലോയബിലിറ്റി സെന്ററും നാഷണൽ എംപ്ലോയ്മെന്റ് സർവീസസും കെ.എ.എസ്.ഇ.യും സംയുക്തമായി സർവകലാശാല കാമ്പസിൽ സംഘടിപ്പിച്ച മെഗാ തൊഴിൽമേള 'ദിശ 2018'ൽ പങ്കെടുത്തത് 4372 പേർ. 47 തൊഴിൽദാതാക്കൾ പങ്കെടുത്ത മേളയിലൂടെ 345 പേർക്ക് തൊഴിൽ ലഭിച്ചു. ജോലിക്കായി 1529 പേരുടെ ചുരുക്കപ്പട്ടിക

തയ്യാറാക്കി. 2784 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഇന്റർവ്യൂവിലൂടെയാണ് ഉദ്യോഗാർഥികളെ തെരഞ്ഞെടുത്തത്. ബിരുദം, ബിരുദാനന്തര ബിരുദം ഉള്ളവർക്കും അവസാന വർഷ ബിരുദ, ബിരുദാനന്തര വിദ്യാർഥികൾക്കുമാണ് മേളയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത 3000 പേർക്ക് പുറമെ 1372 പേർ സ്പോട്ട് രജിസ്ട്രേഷൻ നടത്തി. ഐ.ടി. കമ്പനികളടക്കം റിക്രൂട്ട്മെന്റിനെത്തി. ഇന്റർവ്യൂവിന്റെ ഫലം നവംബർ 30 മുതൽ കോട്ടയം ജില്ലാ എംപ്ലോയബിലിറ്റി സെന്ററിൽ നിന്ന് ലഭിക്കും.

മേളയുടെ ഉദ്ഘാടനം സർവകലാശാല അസംബ്ലിഹാളിൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. എ.എസ്. പത്മനാഭൻ നിർവഹിച്ചു. അഡ്വ. കെ. സുരേഷ്കുറുപ്പ് എം.എൽ.എ. മുഖ്യാതിഥിയായിരുന്നു. സിൻഡിക്കേറ്റംഗം പ്രൊഫ. സന്തോഷ് പി. തമ്പി അധ്യക്ഷത വഹിച്ചു. പ്ലേസ്മെന്റ് സെൽ കോ-ഓർഡിനേറ്റർ പ്രൊഫ. ജോണി ജോൺസൺ, സബ് റീജണൽ എംപ്ലോയ്മെന്റ് ഓഫീസർ വി.പി. ഗൗതമൻ, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എ.എം. സോണിയ, എംപ്ലോയബിലിറ്റി സെന്റർ സംസ്ഥാന മേധാവി ശർമ്മിള സത്യൻ, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ജനറൽ സെക്രട്ടറി എ.പി. പ്രശാന്ത്, എംപ്ലോയ്മെന്റ് ഓഫീസർ ജി. ജയശങ്കർ പ്രസാദ്, ഡി.എസ്.എസ്. ഡയറക്ടർ ഡോ. എം.കെ. ബിജു എന്നിവർ പ്രസംഗിച്ചു.

രാവിലെ ഒൻപതിന് തുടങ്ങിയ മേളയിൽ പങ്കെടുക്കാൻ രാവിലെ ആറര മുതൽ ഉദ്യോഗാർഥികളുടെ ഒഴുക്കായിരുന്നു. അസംബ്ലി ഹാളിലായിരുന്നു രജിസ്ട്രേഷൻ. ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ നൂറ് വിദ്യാർഥി വോളണ്ടിയർമാർ ഉദ്യോഗാർഥികൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പ്രവർത്തിച്ചു. പെഡഗോഗിക്കൽ സയൻസ്, കമ്പ്യൂട്ടർ സയൻസ്, ബിഹേവിയറൽ സയൻസ്, ലെറ്റേഴ്സ്, ബയോസയൻസ്, മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ്, കെമിക്കൽ സയൻസ്, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് എന്നീ പഠനവകുപ്പുകളിലാണ് വിവിധ കമ്പനികൾക്ക് ഇന്റർവ്യൂ നടത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നത്. ഉദ്യോഗാർഥികൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും സുരക്ഷയും സർവകലാശാല ഒരുക്കിയിരുന്നു.

### ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല പ്ലെയ്സ്മെന്റ് സെല്ലും ജില്ലാ എംപ്ലോയബിലിറ്റി സെന്ററും നാഷണൽ എംപ്ലോയ്മെന്റ് സർവീസസും കെ.എ.എസ്.ഇ.യും സംയുക്തമായി സർവകലാശാല കാമ്പസിൽ സംഘടിപ്പിച്ച മെഗാ തൊഴിൽമേള 'ദിശ 2018' വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. എ.എസ്. പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു**

**മഹാത്മാ ഗാന്ധി സർവകലാശാല പ്ലെയ്സ്മെന്റ് സെല്ലും ജില്ലാ എംപ്ലോയബിലിറ്റി സെന്ററും നാഷണൽ എംപ്ലോയ്മെന്റ് സർവീസസും കെ.എ.എസ്.ഇ.യും സംയുക്തമായി സർവകലാശാല കാമ്പസിൽ സംഘടിപ്പിച്ച മെഗാ തൊഴിൽമേള 'ദിശ 2018' ന് തുടക്കം കുറിച്ച് അഡ്വ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ. ഭദ്രദീപം കൊളുത്തുന്നു**

## നദികൾ പരിപാലിക്കാൻ സ്ഥാപനവൽകൃത സംവിധാനം വേണം: പരിസ്ഥിതി ശാസ്ത്രജ്ഞർ

**– നദീ സംരക്ഷണത്തിന് ഉദ്യോഗസ്ഥരെ നിയോഗിക്കണം**

നദികളെ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും സ്ഥാപനവൽകൃതമായ സംവിധാനം വേണമെന്ന് പരിസ്ഥിതി ശാസ്ത്രജ്ഞർ. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസും ജപ്പാനിലെ സോഫിയ സർവകലാശാലയും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി 'സുസ്ഥിര ജലവിഭവ പരിപാലനം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാലയുടെ ഭാഗമായി മീനച്ചിലാറും വേമ്പനാട്ട് കായലും സന്ദർശിക്കവെയാണ് ശാസ്ത്രജ്ഞരുടെ സംഘം ഇക്കാര്യം വ്യക്തമാക്കിയത്.

നദികളുടെ കാര്യത്തിൽ സുസ്ഥിരമായ പരിപാലനം സംസ്ഥാനത്ത് നടക്കുന്നില്ലെന്ന് ശാസ്ത്രജ്ഞർ വിലയിരുത്തി. ഖര-ദ്രവ മാലിന്യമൊഴുക്കാതിരിക്കുക, കുടിവെള്ളത്തിനായി ഫലപ്രദമായി ഉപയോഗിക്കുക, വരും തലമുറകൾക്ക് ഉപയോഗപ്രദമാകും വിധം പരിപാലിക്കുക, നദീകൈയേറ്റം ഒഴിവാക്കുക എന്നിവ നടപ്പാകണമെങ്കിൽ മറ്റു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നിലയിൽ പ്രത്യേകം ഉദ്യോഗസ്ഥരെ നിയോഗിച്ച് നദീപരിപാലനം നടത്തണമെന്ന് ജപ്പാൻ സോഫിയ സർവകലാശാലയിലെ ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. ഹുവാങ് ഗുവാങ്വെ പറഞ്ഞു. ജപ്പാനിൽ നദീ

പരിപാലനത്തിന് സ്ഥാപനവൽകൃത സംവിധാനമാണ് നടപ്പാക്കിയിട്ടുള്ളതെന്നും വിജയപ്രദമാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

നദികളിലേക്ക് മലിനജലം ഒഴുക്കുന്നത് തടയാൻ ശുദ്ധീകരണ സംവിധാനങ്ങൾ വേണമെന്ന് പ്രൊഫ. കെയ്കോ ഹിരോ പറഞ്ഞു. ഡോ. നൊബുഹിറോ സുസുക്കി, പ്രൊഫ. ജെ.ജി. റേ, പ്രൊഫ. ഇന്ദുലേഖ, ഡോ. കെ. മധുസൂദനൻ, ഡോ. ജിതേഷ് കൃഷ്ണ എന്നിവരും സംഘത്തിലുണ്ടായിരുന്നു. മീനച്ചിലാറിന്റെ ഈരാറ്റുപേട്ട മുതൽ വേമ്പനാട്ടുകായൽ വരെയുള്ള ഭാഗങ്ങൾ സംഘം സന്ദർശിച്ചു. മീനച്ചിലാറിന്റെ ജൈവഘടനയെ നശിപ്പിക്കുംവിധം മാലിന്യമൊഴുക്കുന്നതായും കൈയ്യേറ്റങ്ങളുണ്ടെന്നും സംഘം വിലയിരുത്തി.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസും ജപ്പാനിലെ സോഫിയ സർവകലാശാലയും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി 'സുസ്ഥിര ജലവിഭവ പരിപാലനം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാലയുടെ ഭാഗമായി ജപ്പാനിൽ നിന്നടക്കമുള്ള പരിസ്ഥിതി ശാസ്ത്രജ്ഞർ മീനച്ചിലാറിന്റെ ഈരാറ്റുപേട്ട ഭാഗത്ത് സന്ദർശനം നടത്തുന്നു**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ